# പള്ളികഥകൾ

## മിനികഥകൾ      തൊണ്ണൂറ്റി മൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, ലോകം മുഴുവനുമുള്ള എല്ലാ ക്രൈസ്തവ പുരോഹിതന്മാരോടും ക്ഷമ ചോദിച്ചു കൊണ്ടാണ് ഇന്ന് പറയാൻ തുടങ്ങുന്നത്. പഴയ കാലത്തെ പുരോഹിതന്മാരുടെ നേരേ വിരൽ ചൂണ്ടാൻ ജോസഫ് അച്ചനല്ല ആർക്കും സാദ്ധ്യമല്ല. ഇത് പ്രസിദ്ധീകരിക്കണമോ എന്ന് പല പ്രാവശ്യം ആലോചിച്ചു. ഇന്നത്തെ സാഹചര്യത്തിൽ ഇത് പ്രസിദ്ധീകരിക്കുന്നത് ഉചിതമെന്നാണ് മനസ്സിലായത്.

# അഭിമുഖം

ഒരു ജേണ്ണലിസ്റ്റ് പല വ്യക്തികളുമായി അഭിമുഖം നടത്തുന്നതാണ് പ്രതിപാദ്യം. സാധാരണ വ്യക്തികളുമായിട്ടല്ല. പലരേയും അങ്ങിനെ ചെയ്ത ശേഷം ഓർത്ത്ഡോക്സ് സഭയിലെ ഒരു ബിഷപ്പിനെ സമീപിക്കുന്നതാണ് രംഗം:

“സഭയിൽ ഒരുമെത്രാച്ചന്റെ ആവശ്യകത എന്താണ്?”

“ഒരു മെത്രാച്ചൻ ഇല്ലാതെ സഭ നിലനിൽക്കത്തില്ല. ഞങ്ങൾ മെത്രാച്ചന്മാർ ജനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. അവർക്ക് സന്തോഷവും സമാധാനവും ലഭിക്കുവാൻ ഇതു കാരണങ്ങളിലൊന്നാകുന്നു.”

“ഇപ്പറഞ്ഞതിന് സഭയിൽ അച്ചന്മാരുണ്ടല്ലോ; പിന്നെ മെത്രാച്ചന്മാരുടെ ആവശ്യകത എന്താണ്?”

“സഭയിൽ പുതുതായി ഒരച്ചനോ ശെമ്മാശ്ശനോ വേണമെങ്കിൽ മെത്രാച്ചനു മാത്രമേ അവരെ കൈവെപ്പ് കൊടുത്ത് വാഴിക്കാൻ അധികാരം കൊടുത്താക്കിയിട്ടുള്ളു.”

“എന്തിനാണ് പുതുതായി അച്ചനേയോ ശെമ്മാശ്ശനേയോ വാഴിക്കുന്നത്?”

“പുതുതായ ഒരു ഇടവക ഉണ്ടാകുമ്പോൾ അവിടേക്ക് ഒരു അച്ചന്റെ ആവശ്യകത വരും. ഏതെങ്കിലും ഒരച്ചൻ മരിച്ചാൽ അവിടേക്ക് ഒരച്ചൻ വേണം. വലിയ ഇടവക പള്ളിയാണെങ്കിൽ അവിടുത്തെ കാര്യങ്ങൾ നോക്കാനായി ഒന്നോ അതിലധികമോഅച്ചന്മാരെആവശ്യമായിവരും. അങ്ങിനെ പല പല കാരണങ്ങൾ കൊണ്ട് പുതിയ ഒരച്ചന്റെ ആവശ്യകത വരും. സാധാരണ ഒരു വ്യക്തിയെ നേരേ പിടിച്ച് അച്ചനാക്കാൻ പറ്റത്തില്ല. ആവശ്യത്തിന് വിദ്യാഭ്യാസവും യോഗ്യതയും ഉള്ള ഒരു വ്യക്തിയെ കണ്ടു പിടിച്ച് സഭയുടെ സെമിനാരിയിൽ വർഷങ്ങൾ നീണ്ടു നിൽക്കുന്ന പഠനങ്ങൾക്കു ശേഷം പല പട്ടങ്ങൾ കൊടുത്ത ശേഷം പൂർണ്ണ ശെമ്മാശ്ശനാക്കും. ഇങ്ങിനെയുള്ള വ്യക്തിയെ വളരെ കാലങ്ങൾക്കുശേഷം ആവശ്യകത അനുസരിച്ച് അച്ചനാക്കും. ഇങ്ങിനെ പല ഇടവകകൾ ചേർന്ന് ഒരു ഭദ്രാസനമാകും. ഈ പല ഭദ്രാസനങ്ങൾ ചേർന്ന് പരിശുദ്ധ ബാവായുടെ നേതൃത്ത്വത്തിൽ സഭയായി തീരുന്നു.”

“അപ്പോൾ സഭയിലെ ബാവാ തിരുമേനിയും മെത്രാച്ചന്മാരും അച്ചന്മാരും എല്ലാം ഉള്ളത് സഭയിലെ മക്കൾക്ക്/ജനങ്ങൾക്ക് സന്തോഷവും സമാധാനവും നൽകാൻ വേണ്ടിയാണ് അല്ലേ?”

“ഒരു മെത്രാച്ചന്റെ ചുമതലയിൽ ഉള്ള പള്ളിയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നത് ആ മെത്രാച്ചനായിരിക്കും. സാധാരണ പ്രശ്നങ്ങൾ ഇടവക വികാരി തന്നെ തീർക്കും. അതിനും സാധിക്കാതെ വരുമ്പോളാണ് ഭദ്രാസന മെത്രാച്ചൻ ഇടപെടുന്നത്.”

“ജനങ്ങൾ ഈ അച്ചന്മാർക്കും മെത്രാച്ചന്മാർക്കും ശമ്പളം നൽകുന്നത് അവർ മറിച്ച് അവർക്ക് സന്തോഷവും സമാധാനവും നൽകാൻ വേണ്ടിയാണ് അല്ലേ?”

“തീർച്ചയായും. പഴയ നിയമ കാലം തൊട്ട് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിന്നുകൊണ്ട് പ്രവർത്തിച്ച് ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകി, അവർക്ക് സന്തോഷം കൊടുക്കാൻ ബാദ്ധ്യപ്പെട്ടവരാണ്. അപ്പോൾ അവരുടെ നിത്യവൃത്തിക്ക് വേണ്ട പണം കൊടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്.”

“ഒരു വിശുദ്ധ കുർബ്ബാന അർപ്പിക്കുന്ന അച്ചനും മെത്രാച്ചനും വ്യത്യസ്ഥമായ തുകയല്ലേ കൊടുക്കേണ്ടത്. അത് എന്തുകൊണ്ടാണ്?”

“അങ്ങിനെയാണ് സഭ കല്പിച്ചിട്ടുള്ളതും കീഴ്വഴക്കവും.”

നമ്മുടെ ഈ ജേണ്ണലിസ്റ്റ് പിന്നേയും പല പല വ്യക്തികളുമായും അഭിമുഖം നടത്തിയ ശേഷം വളരെ കാലങ്ങൾക്കു ശേഷം ഉത്തരേന്ത്യയിലുള്ള പ്രൊഫഷണലായുള്ള ഒരു വേശ്യയുടെ അടുക്കൽ പോയി അഭിമുഖം നടത്തി:

“നിങ്ങളുടെ ജോലി വേശ്യാവൃത്തി അല്ലേ?”

“തീർച്ചയായും. പ്രൊഫഷണലായുള്ള ഒരു വേശ്യയാണ് ഞാൻ. ഉന്നതമായി പഠിച്ചതിനുശേഷം സെക്സിയോളജി സ്ക്കൂളിലും പോയി വളരെ വർഷങ്ങൾ പഠിച്ചതിനു ശേഷം ആണ് ഈ ജോലി ചെയ്യുന്നത്. എനിക്ക് ഈ പ്രവർത്തി ചെയ്യാനുള്ള ലൈസൻസും ഉണ്ട്. കൂടാതെ ഒരാഴ്ച്ചയിൽ പല ദിവസവും വൈദ്യ പരിശോധനയും നടത്താറുണ്ട്. സാധാരണ ആൾക്കാർക്ക് എന്റെ അടുക്കൽ വരാൻ സാധിക്കത്തില്ല. കാരണം അത്രയധികം ചെലവുകൾ ചെയ്ത് ഈ ജോലി ചെയ്യുമ്പോൾ അതു പോലെ നല്ല തുക നൽകാൻ കഴിവുള്ളവർക്ക് മാത്രമേ എന്റെ കൂടെ രമിക്കാൻ കഴിയുകയുള്ളു.”

“എന്തു കൊണ്ടാണ് നിങ്ങൾ ഈ ജോലി ചെയ്യുന്നത്?”

“പുരുഷന്മാർക്ക് സന്തോഷവും സമാധാനവും കൊടുത്ത് ആ കുടുംബങ്ങളിൽ സമാധാനം നിലനിർത്താൻ എന്റെ ഈ തൊഴിലുകൊണ്ട് സാധിക്കും. ഭാര്യ ഉള്ള ഒരാൾക്കു പോലും എന്റെ അടുക്കൽ നിന്നു കിട്ടുന്ന സന്തോഷം കിട്ടുകയില്ല. ആ സ്ത്രീകൾക്ക് തങ്ങളുടെ പുരുഷന്മാർക്ക് ഒരിക്കലും ശരിയായിട്ടുള്ള സ്ത്രീ/രതി സുഖം നൽകാൻ സാധിക്കത്തില്ല. അതിനുള്ള പരിജ്ഞാനം അവർക്കില്ല. ഞാൻ നേരത്തെ പറഞ്ഞത്: ഉന്നതമായ വിദ്യാഭ്യാസത്തിനു ശേഷം സെക്സിയോളജി സ്ക്കൂളിലും പോയി വളരെയധികം പഠിച്ചതിനു ശേഷമാണ് ഞാൻ ഈ തൊഴിലിന് വന്നത്. ഒരു കുടുംബത്തിലെ പുരുഷന് കാമസംതൃപ്തി വന്നാൽ ആ ഭവനത്തിൽ തീർച്ചയായും സമാധാനം കിട്ടും.”

“അപ്പോൾ സ്ത്രീകൾക്കും ഇതുപോലെ കാമസംതൃപ്തി ആവശ്യമില്ലേ?”

“തീർച്ചയായും. പണക്കാരായ പല സ്ത്രീകളും എന്റെ അടുക്കൽ വന്ന് സന്തോഷവതികളായി മടങ്ങിയിട്ടുണ്ട്. അങ്ങിനെ ആ കുടുംബങ്ങളിൽ സന്തോഷം നിലനിൽക്കുന്നുണ്ട്.”

“നിങ്ങൾ ചെയ്യുന്നത് തെറ്റല്ലേ?”

“ഒരിക്കലുമല്ല. ഞാൻ ഈ തൊഴിലുമായി ഇവിടെ ഉള്ളതു കാരണം പല ഭവനങ്ങളിലും ഭർത്താക്കന്മാർ അവരുടെ ഭാര്യയുടെ അടുക്കൽ ചെല്ലുമ്പോൾ യാതൊരു വഴക്കുമില്ലാതെ അവർ അവരുടെ ഭർത്താക്കന്മാരുമായി സഹകരിക്കും. ഇല്ലങ്കിൽ ആ പുരുഷന്മാർ എന്റെ അടുക്കൽ വരുമോ എന്ന് അവരുടെ ഉള്ളിൽ ഭയവുമുണ്ട്. ഇന്ന് ലോകം മുഴുവൻ സമാധാനം അന്വേഷിച്ച് അലയുകയാണ്. എന്റെ അടുക്കൽ വരുന്ന സ്ത്രീ പുരുഷന്മാരെ എങ്ങിനെ പൂർണ്ണ രതി സുഖം കിട്ടുമെന്ന് ഞാൻ പഠിപ്പിച്ചും വിടുന്നുണ്ട്. അങ്ങിനെ ഉത്തമയായ ഭാര്യയെക്കുറിച്ച് ‘ശയനേശു വേശ്യ’ യെന്നത് അന്വർത്ഥമാക്കുന്നുണ്ട്“